നടത്താൻ തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത പഠന പ്രകാരമുള്ള നിർദ്ദേശാനുസരണം ഡയഫ്രം വാൾ, ടെട്രാപോഡ്, ഓഫ്ഷോർ ബ്രേക്ക് വാട്ടർ എന്നീ നൂതന സാങ്കേതികവിദ്യകളും മറ്റ് soft solution-നുകളും സംയോജിപ്പിച്ചുള്ള തീരസംരക്ഷണം പ്രാവർത്തികമാക്കുവാനാണ് ഉദ്ദേശിക്കുന്നത്.

തോട്ടപ്പള്ളി സ്പിൽവേയിലേയ്ക്കുള്ള ഡ്രെഡ്ജിംഗ് പദ്ധതി

178(2214) ശ്രീ. തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തോട്ടപ്പള്ളി സ്പിൽവേയിലേയ്ക്കുള്ള ഡ്രെഡ്ജിംഗ് പദ്ധതി അനന്തമായി നീണ്ടുപോകുന്നതിന്റെ കാരണങ്ങൾ വ്യക്തമാക്കാമോ?

തോട്ടപ്പള്ളിയിൽ വീയപുരം മുതൽ സ്പിൽവേവരെയുള്ള പ്രദേശം ഡ്രെഡ്ജ് ചെയ്യുന്ന മണൽ നിക്ഷേപിക്കുന്നതിനാവശ്യമായ സ്ഥല സൗകര്യം പദ്ധതി പ്രദേശത്ത് പരിമിതമായതിനാൽ എടുക്കുന്ന മണൽ നീക്കം ചെയ്തതിനുശേഷം മാത്രമേ പദ്ധതി തുടരാൻ സാധിക്കുന്നുള്ളൂ. ഇത് പദ്ധതിയുടെ നടത്തിപ്പിന് കാലതാമസം നേരിടുന്നതിനുള്ള ഒരു പ്രധാന കാരണമാണ്. കൂടാതെ ഇടവിട്ടുണ്ടാകുന്ന കോവിഡ് നിയന്ത്രണങ്ങൾ പദ്ധതിയുടെ നടത്തിപ്പിന് തടസ്സമാകുന്നുണ്ട്.

(ബി) പ്രസ്തുത പദ്ധതി എന്നാണ് തുടങ്ങിയതെന്നും ഇതിന്റെ അടങ്കൽ തുക എത്രയാണെന്നും എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയുമെന്നും അറിയിക്കുമോ?

19-2-2020-ൽ ആരംഭിച്ചു. അടങ്കൽ തുക (താല്പര്യപത്രം) 11,90,77,180 രൂപയാണ്. പൂർത്തീകരണ കാലാവധി 14-9-2021-വരെ ദീർഘിപ്പിച്ചുനൽകണമെന്ന് കോൺട്രാക്ടർ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. കൂടുതൽ ഡ്രെഡ്ജറുകളുപയോഗിച്ച് ഈ കാലാവധിക്കുള്ളിൽ പദ്ധതി പൂർത്തിയാക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) പ്രസ്തുത പദ്ധതിയുടെ കാലതാമസം ഒഴിവാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നത്; ഇതുവരെ പൂർത്തിയാക്കിയ ഈ പദ്ധതിയുടെ വിശദവിവരം ലഭ്യമാക്കുമോ?

താല്പര്യപത്രപ്രകാരം 3 ലക്ഷത്തോളം ഘനമീറ്റർ മണൽ സ്വന്തം ചെലവിൽ മണ്ണിന്റെ വിലയും മറ്റനുമതികളും നൽകി നീക്കം ചെയ്യുന്നതിനായിരുന്നു കരാർ. എന്നാൽ ഇതുവരെ 20,000 ഘനമീറ്റർ മണൽ മാത്രമേ നീക്കം ചെയ്തിട്ടുള്ളൂ. കൂടാതെ മഴമൂലമുണ്ടായിട്ടുള്ള വെള്ളപ്പൊക്കം കാരണം പ്രവൃത്തിയുടെ പുരോഗതി മന്ദഗതിയിലാണ്. കൂടുതൽ ഡ്രെഡ്ജറുകളെത്തിച്ച് പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള നിർദ്ദേശം കോൺട്രാക്ടർക്ക് നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly